**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **08-02-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ നിന്നും ഉന്നതവിദ്യാഭ്യാസത്തിന് തുടർ പഠന യോഗ്യത നേടിയ കുട്ടികൾക്കുള്ള അവസരങ്ങൾ വിപുലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ നിന്നും ഉന്നതവിദ്യാഭ്യാസത്തിന് തുടർ പഠന യോഗ്യത നേടിയ കുട്ടികൾക്കുള്ള തുടർപഠനത്തിനായി കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിൽ 9 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും 20 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ഈ കോളേജുകളിൽ ഉന്നതവിദ്യാഭ്യാസത്തിനായി 235 കോഴ്സുകൾ നിലവിലുണ്ട്.<br><br>മലപ്പുറം ജില്ലയിൽ സാങ്കേതിക വിദ്യാഭാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ നിലവിൽ ഇല്ല. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് തുടർപഠന യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നൽകുന്നതിനായി ടി ജില്ലയിലെ 11 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, ജില്ലയിൽ 5 സർക്കാർ പോളിടെക്നിക്ക് കോളേജുകളും 5 സ്വാശ്രയ പോളിടെക്നിക്ക് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>മലപ്പുറം ജില്ലയിൽ ഐ.എച്ച്.ആർ.ഡി-യുടെ കീഴിൽ 4 അപ്ലൈഡ് സയൻസ് കോളേജുകളും (College of Applied Science Vazhakkad, Vattamkulam, Malappuram, Muthuvallur) 3 എക്സ്റ്റൻഷൻ സെന്ററുകളും (Extension Centre Tirur, Valancherry, Thavanur) നിലവിൽ പ്രവർത്തിച്ചുവരുന്നു. അവയിൽ വിവിധ UG, PG കോഴ്സുകളും തൊഴിലധിഷ്ഠിത short term കോഴ്സുകളും നടത്തി വരുന്നു.<br><br>ജില്ലയിൽ എൽ.ബി.എസ്. സെന്ററിനു കീഴിൽ പരപ്പനങ്ങാടിയിൽ ഒരു എൽ.ബി.എസ്. മോഡൽ ഡിഗ്രി കോളേജ് പ്രവർത്തിച്ചു വരുന്നു. കൂടാതെ, പരപ്പനങ്ങാടിയിലും മഞ്ചേരിയിലും എൽ.ബി.എസ്. |

| | | | |
|---|---|---|---|
| | | | സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവഴി തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ട്.<br><br>സംസ്കൃത സർവകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രവും മലപ്പുറം ജില്ലയിലെ തിരൂരിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>വിദൂരവിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ മലപ്പുറം ജില്ലയിൽ നിന്ന് വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ യു.ജി., പി.ജി. കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധികബാധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്. |
| (സി) | ജില്ലയിൽ സർക്കാർ/എയിഡഡ് മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ഇല്ലാത്തതിനാൽ ഒരു സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മലപ്പുറം ജില്ലയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ